


# ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്


മത്തായി 12: 1 – 14 Vol. 12, Issue: 23



ബ്ര. നിധിൻ ഐക്കര


**ദി**വ്യകാരുണ്യ ഈശോയിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ,

ക്രിസ്തുവിൽ സ്ഥാപിതവും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ തിരുസഭയെക്കുറിച്ചും അവളുടെ തീർത്ഥാടക ജീവിതത്തെക്കുറിച്ചും പ്രത്യേകമാം വിധം ധ്യാനിക്കുന്ന പള്ളിക്കൂദാശാക്കാലത്തിലെ രണ്ടാം ആഴ്ചയിലേക്ക് നാം ഇന്ന് പ്രവേശിക്കുകയാണ്. നാം ഒരുപാട് തവണ കേൾക്കുകയും വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ള സാബത്തിനെക്കുറിച്ചുള്ള വിവാദവും സാബത്തിലെ രോഗശാന്തിയുമാണ് തിരുസഭാമാതാവ് വചനവിചിന്തനത്തിനായി നമുക്ക് ഇന്ന് നൽകിയിരിക്കുന്നത്.

സാബത്ത് നിയമം എന്തെന്നും ശിഷ്യന്മാരുടെ സാബത്ത് ലംഘനം എന്തെന്നും വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. നമ്മുടെ ഓരോരുത്തരുടെയും കണ്ണു തുറപ്പിക്കുന്ന വചനഭാഗമാണ് മത്തായിയുടെ സുവിശേഷം 12:7. ''ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്.'' ഇതിന് തത്തുല്യമായ ഒരു വചനഭാഗം നാം കാണുക ഹോസിയാ 6:6 -ലാണ്. ''ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല, ദൈവ ജ്ഞാനമാണ് എനിക്ക് ഇഷ്ടം.'' വീണ്ടും സുഭാ. 21:3 -ൽ നാം ഇപ്രകാരം വായിക്കും: ''നന്മയും നീതിയും അന്വേഷിക്കുന്നതാണ് കർത്താവിന് ബലിയേക്കാൾ സ്വീകാര്യം.'' ബലിയല്ല; കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന ക്രിസ്തുവിന്റെ വചനം ഒരുപക്ഷേ പല വിവാദവിഷയങ്ങളിലേക്കും നയിച്ചേക്കാം. ബലിയർപ്പണത്തിന്റെ ആവശ്യമുണ്ടോ? ജീവിതം കാരുണ്യ പ്രവർത്തികൾ കൊണ്ട് മാത്രം നിറച്ചാൽ പോരേ? ക്രിസ്തു അങ്ങനെയാണല്ലോ ചെയ്തത്? ഇത്തരം പല ചോദ്യങ്ങളും നമ്മുടെ ഹൃദയങ്ങളിൽ ഉയർന്നേക്കാം. എന്നാൽ ഈ ചോദ്യങ്ങൾക്കെല്ലാമായുള്ള ഉത്തരം ക്രിസ്തുവിന്റെ അന്ത്യത്താഴവും തുടർന്നുള്ള പീഡാസഹനവും മരണവും നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. ബലി വേണ്ടെന്നല്ല മറിച്ച് ജീവിതം എപ്രകാരം ബലിയാക്കിത്തീർക്കണമെന്ന് ക്രിസ്തു തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. പ്രത്യേകമായി തന്റെ അന്ത്യത്താഴത്തിലൂടെയും കുരിശുമരണത്തിലൂടെയും.

താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ പരിശുദ്ധ കുർബാന സ്ഥാപിക്കുമ്പോൾ ബലിയർപ്പകനും ബലിവസ്തുവുമായ ക്രിസ്തു തന്റെ ശരീരവും രക്തവും ഏറ്റവുമാദ്യം നൽകുന്നത് തന്റെ കൂടെ നടന്ന് വഞ്ചിച്ച്, ചുംബനം കൊണ്ട് ആ രാത്രിതന്നെ തന്നെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസിന്റെ കരങ്ങളിലേക്കാണ്. ബലിയല്ല, കരുണയാണ് താൻ ആഗ്രഹിക്കുന്നത് എന്ന് അരുൾചെയ്തവൻ ബലിയുടെയും കരുണയുടെയും മൂർത്തീഭാവമായി മാറുന്ന മുഹൂർത്തം. അന്ത്യത്താഴത്തിലെ തന്റെ ബലിയുടെ ശക്തിയാൽ ക്രിസ്തു ചെയ്യുന്ന പ്രവൃത്തികളെല്ലാം കാരുണ്യത്തിന്റെ പ്രവർത്തികളായി മാറുകയാണ്.

സ്നേഹത്തിന്റെ അടയാളമായ ചുംബനം കൊണ്ട് തന്നെ ഒറ്റിക്കൊടുത്ത ചതിയനായ യൂദാസിനെ ക്രിസ്തു അഭിസംബോധന ചെയ്തത് 'സ്നേഹിതാ' എന്നാണ്.

യേശുവിനെ ബലമായി പിടിച്ചുകൊണ്ടു പോകാൻ വന്ന പടയാളിയുടെ ചെവി ഛേദിച്ച പത്രോസിനോട്, 'പത്രോസേ, നന്ദി; നീയാണ് എന്റെ ജീവൻ രക്ഷിച്ചത്' എന്നല്ല ക്രിസ്തു പറഞ്ഞത് മറിച്ച് 'വാൾ ഉറയിലിടുക' എന്നാണ്. ശേഷം യേശു ചെയ്യുന്ന പ്രവർത്തി സ്നേഹത്തിന്റെ പ്രവർത്തിയാണ്. ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന് അരുൾചെയ്തവൻ ശത്രുവിനെ സൗഖ്യപ്പെടുത്തി മിത്രമാക്കി മാറ്റുന്ന രംഗം. തന്നെ ചമ്മട്ടി കൊണ്ട് അടിച്ചവരോടും ദേഹത്ത് തുപ്പിയവരോടുമൊക്കെയുള്ള ക്രിസ്തുവിന്റെ പ്രതികരണം നിശബ്ദതയായിരുന്നു. ആ നിശബ്ദത ഒരുപക്ഷേ, നിങ്ങളെ ദ്വേഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ എന്ന് അരുൾചെയ്തവന്റെ പ്രാർത്ഥനാമുഹൂർത്തങ്ങളായിരിക്കാം. കാരണം, കുരിശിൽ തീവ്രവേദനയാൽ പുളയുമ്പോഴും അവൻ പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്: ''പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കേണമേ.''

കുരിശിൽ കിടന്നപ്പോഴും തന്റെ വേദന മറന്ന് അപരന്റെ അപേക്ഷയ്ക്ക് ചെവി കൊടുത്തവനാണ് ക്രിസ്തു. തന്റെ മരണനിമിഷത്തിൽ പോലും, 'നീ ഇന്ന് എന്നോടു കൂടെ പറുദീസായിലായിരിക്കും' എന്ന വാക്കുകൾ കൊണ്ട് നല്ല കള്ളന് ആശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്രോതസ്സായി അവിടുന്ന് മാറി. തന്റെ മരണശേഷവും മാറ് കുത്തിത്തുളച്ചവനിലേക്ക് സൗഹൃദത്തിന്റെ നീർച്ചാലായി പെയ്തിറങ്ങിയവനാണ് ക്രിസ്തു. ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന് അരുൾചെയ്തവൻ ബലിയും കാരുണ്യവുമായി ഒരേ സമയം മാറുന്നു.

തന്റെ ബലിക്കു മുമ്പും ശേഷവുമുള്ള ക്രിസ്തുവിന്റെ കാരുണ്യത്തിന് ഒരു പ്രത്യേകതയുണ്ട്. തന്റെ ബലിക്കു മുമ്പ് അവൻ കരുണ കാണിച്ചത് തന്നെ തേടുന്നവരോടും നിരാലംബരോടുമാണെങ്കിൽ തന്റെ ബലിയിലൂടെ അവൻ കാരുണ്യം കാണിച്ചത് തന്നെ വേദനിപ്പിച്ചവരോടും പീഡിപ്പിച്ചവരോടുമാണ്. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ എന്ത് പ്രതിഫലമാണ് ലഭിക്കുക എന്ന് അരുൾചെയ്തവൻ തന്നെ ദ്വേഷിച്ചവരെ സ്നേഹിച്ച് അവർക്കു വേണ്ടി പ്രാർത്ഥിച്ചു. തന്റെ ബലിയർപ്പണത്തിലൂടെ അവരെ നിത്യജീവന് അർഹരാക്കി. ക്രിസ്തുവിന്റെ ഈ ഭാവം ഉൾക്കൊള്ളാനാണ് നാമോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്.

ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ നമ്മുടെ ജീവിതമാകുന്ന നാണയത്തിന്റെ ഒരു വശം പൂർണ്ണഹൃദയത്തോടെ, തന്നെത്തന്നെ ദൈവത്തിന് സമർപ്പിക്കുന്ന ബലിയർപ്പണമാണെങ്കിൽ അതിന്റെ മറുവശം കരുണയുടെ ജീവിതമാണ്. ബലിയുടെ ജീവിതവും കരുണയുടെ ജീവിതവും ഒരുമിച്ച് കൊണ്ടുപോകുമ്പോഴാണ് ദൈവത്തിന്റെ തിരുമുമ്പിലും നമ്മുടെ സഹോദരങ്ങളുടെ മുമ്പിലും നമ്മുടെ ജീവിതം മൂല്യമുള്ളതായിത്തീരുന്നത്. ബലിയുടെ മാത്രം മൂല്യവുമായി നാം ദൈവസന്നിധിയിലണയുമ്പോൾ ഒരുപക്ഷേ ക്രിസ്തു നമ്മോടും പറയും, ഞാൻ നിങ്ങളെ അറിയുകയില്ല. എന്നാൽ ബലിയും കാരുണ്യവും നിറഞ്ഞ ജീവിതവുമായി നാം ദൈവത്തെ സമീപിക്കുമ്പോൾ അവൻ പറയും, 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ.'

ക്രിസ്തീയവിശ്വാസവും ക്രിസ്തീയമൂല്യങ്ങളും ഒരുപാട് ചോദ്യം ചെയ്യപ്പെടുന്ന ഇന്നിന്റെ ലോകത്തിൽ ഇന്നത്തെ വചനഭാഗം ഒരു വെല്ലുവിളി ഉയർത്തുകയാണ്. വിശുദ്ധിയും ചൈതന്യവും നിറഞ്ഞ് സ്നേഹമാകുന്ന ബലിജീവിതം ജീവിക്കുന്ന കാരുണ്യത്തിന്റെ നിലയ്ക്കാത്ത പ്രവാഹമായി നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളെ രൂപാന്തരപ്പെടുത്താൻ നാം തയ്യാറാണോ? ഇതിനുള്ള ഉത്തരം നാം കൊടുക്കേണ്ടത് നമ്മുടെ ജീവിതം കൊണ്ടാണ്.

ക്രിസ്തുവിനെ അടുത്തനുഗമിക്കുക വഴി ദിവ്യകാരുണ്യത്തിന്റെ മക്കളായ നമ്മിൽ നിന്നും ക്രിസ്തു ആഗ്രഹിക്കുക ബലിയിൽ നിന്നും ചൈതന്യം ഉൾക്കൊണ്ട് ദിവ്യകാരുണ്യത്തിന്റെ ആത്മീയത ജീവിക്കുന്നവരായി നാം രൂപാന്തരപ്പെടണമെന്നാണ്. ഈ ദിവ്യകാരുണ്യത്തിന്റെ ആത്മീയത പുൽകിയതു കൊണ്ടാണ് വി. മദർ തെരേസയ്ക്ക് ആലംബഹീനരിൽ ക്രിസ്തുവിനെ കണ്ട് അവരെ ശുശ്രൂഷിക്കാൻ കഴിഞ്ഞത്, വി. മാക്സ്മില്യൻ കോൾബെയ്ക്ക് അപരിചിതനു വേണ്ടി സ്വന്തം ജീവിതം സമർപ്പിക്കാൻ സാധിച്ചത്, ഫാ. ഡാമിയന് കുഷ്ഠരോഗികളോടൊപ്പമായിരുന്ന് അവരെ ശുശ്രൂഷിക്കാൻ സാധിച്ചത്. ഇങ്ങനെ അനേകം ജീവിക്കുന്ന ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നമ്മുടെ കാണപ്പെടുന്ന സഹോദരങ്ങൾക്കു വേണ്ടി സമയം ചെലവഴിച്ചു കൊണ്ട് അവരുടെ വേദനയിൽ പങ്കുചേർന്ന് മറ്റൊരു മദർ തെരേസയും കോൾബെയും ഡാമിയനുമൊക്കെയായി നമുക്കും മാറാം. സർവ്വോപരി മറ്റൊരു ക്രിസ്തുവായി നമുക്കും രൂപാന്തരപ്പെടാം.

നല്ല സമരിയാക്കാരന്റെ ഉപമയിൽ കാണുന്ന, മരണത്തോട് മല്ലടിക്കുന്ന മനുഷ്യന്റെ അടുത്തേക്ക് സ്നേഹത്തിന്റെ ദിവ്യൗഷധവുമായി കടന്നുവന്ന് അവന്റെ വേദനയിലേക്ക് ഇറങ്ങിച്ചെന്ന് തന്റെ കൈവശമുള്ളതെല്ലാം നൽകി അപരനെ ശുശ്രൂഷിക്കാൻ തയ്യാറായ നല്ല സമരിയാക്കാരനെ നമുക്കും നമ്മുടെ ജീവിതത്തിൽ മാതൃകയാക്കാം. സ്വർഗരാജ്യത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതവഴിത്താരയിൽ ക്രിസ്തു കാണിച്ചുതരുന്ന മാതൃക സ്വായത്തമാക്കാം. അതിനായി നമ്മുടെ ഹൃദയത്തിൽ എപ്പോഴും നമുക്ക് കുറിച്ചിടാം, ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്.

കാരുണ്യവാനായ കർത്താവ് നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.